**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3430** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക കർമ്മസേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ രൂപീകൃതമായ കാർഷിക കർമ്മസേന ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ, എങ്കിൽ അവയുടെ പ്രവർത്തനങ്ങളും ചുമതലകളും എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നമായ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്രീയ കൃഷി രീതികളും കൃഷി പരിപാലന മുറകളും, ഉപകരണങ്ങളും, കീടനിയന്ത്രണോപാധികളും കർഷകരിൽ എത്തിച്ച് കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൃഷി ഭവൻ തലത്തിൽ കാർഷിക കർമ്മസേനകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് കൃഷിഭവൻ തലത്തിൽ 368 കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കാർഷിക കർമ്മസേനകളുടെ ചുമതലകൾ. |
| (ബി) | കർമ്മ സേനയുടെ പ്രവർത്തനം ഏതെല്ലാം കാർഷിക മേഖലകളിൽ കർഷകർക്ക് ഗുണകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | തൊഴിലാളി ക്ഷാമം മൂലം തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, തെങ്ങുകയറ്റം, മരുന്ന് തളി, നടീൽ, കാർഷിക വികസനത്തിന് ആവശ്യമായ ഗുണമേന്മേയുള്ള നടീൽ വസ്തുക്കൾ, ജൈവ വളം തുടങ്ങിയ ഉത്പാദനോപാധികളുടെ ഉത്പാദനം, വിതരണം എന്നീ സേവനങ്ങൾ കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങി കാർഷിക മേഖലകളിൽ കർഷകർക്ക് ഗുണകരമായിട്ടുള്ള പ്രവർത്തനങ്ങൾ കാർഷിക കർമ്മസേനയുടെ കീഴിൽ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കാർഷിക കർമ്മസേനയുടെ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഓരോ പഞ്ചായത്തുകളിലും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടുന്ന പ്രവർത്തകരെ അതതു പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേന വഴി ലഭ്യമാക്കുന്നു. നടീൽ വസ്തുക്കളുടെ ഉത്പാദനം, വിത്തുല്പാദനം, ഗ്രോബാഗ് തയ്യാറാക്കൽ, കാർഷിക വിളകളുടെ പരിപാലനം, കാർഷിക പ്രവർത്തനങ്ങൾ, കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാർഷിക പ്രവർത്തനങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, നൂതന കൃഷി മുറകൾ നടപ്പാക്കൽ (കണിക ജലസേചനം/ മഴമറ/ പോളിഹൗസ് നിർമ്മാണം) തുടങ്ങി വിവിധ മേഖലകളിൽ ഒരു ബിസിനസ്സ് പ്ലാൻ തയ്യാറാക്കി കർമ്മസേനകൾ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ കാർഷിക കർമ്മസേന പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മൊകേരി, കരിയാട്, പാനൂർ, പെരിങ്ങളം, കുന്നോത്ത്പറമ്പ്, കൂത്തുപറമ്പ്, കോട്ടയം മലബാർ, തൃപ്പങ്ങോട്ടൂർ എന്നീ കൃഷി ഭവൻ പരിധികളിൽ കാർഷിക കർമ്മസേന പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ